LIBRARY ARCHIVES Kerala Legislative Assembly

കനാലുകൾ ഗതാഗത യോഗ്യമാക്കുന്നതിന് പദ്ധതി

*8 [308] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. സി. മമ്മത്കോയ:
„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും വേണ്ടി കേന്ദ്രാനുമതിക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) കനാലുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതികൾ ഓരോന്നും എപ്പോൾ തയ്യാറാക്കിയതാണ്;

(ഡി) ഈ പദ്ധതികളോടുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനം അറിവായിട്ടുണ്ടോ;

(ഇ) കനാലുകൾ ഗതാഗതയോഗ്യമാക്കുന്ന പദ്ധതികൾക്ക് എത്ര ശതമാനം കേന്ദ്ര സഹായം ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്; സംസ്ഥാന ഗവൺമെന്റ് ഇതിലേക്ക് നിർവ്വഹിക്കേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും വേണ്ടി കേന്ദ്രാനുമതിക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയേയും മാഹി പുഴയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വടകര-മാഹി കനാൽ നിർമ്മാണം.

2. കാസർഗോഡ് ജില്ലയിലെ മടക്കര ഫിഷിംഗ് ഹാർബർ മുതൽ കണ്ണൂർ ജില്ലയിലെ കവ്വായി വരെയുള്ള ജലപാതയുടെ വികസനം.

3. കോട്ടയം ജില്ലയിലെ ഫീഡർ കനാലുകളുടെ വികസനം.

4. കോട്ടയം ജില്ലയിലെ കുമരകം കെ.ടി.ഡി.സി. കനാലുകളുടെ നവീകരണം.

(ബി) കനാലുകൾ ഗതാഗതയോഗ്യമാക്കുന്നതിന് 101.48 കോടി രൂപയോളം ചെലവ് വരുന്ന പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

1. കോഴിക്കോട് ജില്ലയിലെ വടകര-മാഹി കനാലിന്റെ നിർമ്മാണം— 7500 ലക്ഷം രൂപ.

2. കാസർഗോഡ് ജില്ലയിലെ മടക്കര ഫിഷിംഗ് ഹാർബർ മുതൽ കണ്ണൂർ ജില്ലയിലെ കവ്വായി വരെയുള്ള ജലപാതയുടെ നിർമ്മാണം—1500 ലക്ഷം രൂപ.

3. കോട്ടയം ജില്ലയിലെ ഫീഡർ കനാലുകളുടെ വികസനം—1067.68 ലക്ഷം രൂപ

4. കോട്ടയം ജില്ലയിലെ കുമരകം കെ.ടി.ഡി.സി. കനാലുകളുടെ നവീകരണം—60 ലക്ഷം രൂപ.

(സി) 1. വടകര-മാഹി കനാൽ—2003 സെപ്റ്റംബർ

2. മടക്കര-കവ്വായി ജലപാത—2003 സെപ്റ്റംബർ

3. കോട്ടയം ജില്ലയിലെ ഫീഡർ കനാലുകൾ—2003 ആഗസ്റ്റ്

4. കുമരകം കെ.ടി.ഡി.സി. കനാലുകൾ—2004 മാർച്ച്

(ഡി) ഇല്ല.

(ഇ) 90% കേന്ദ്ര സഹായം ലഭിക്കുന്ന പുതുക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്. 10% സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഇതിലേക്ക് നിർവ്വഹിക്കേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ മനുഷ്യ വിഭവശേഷി വികസന പദ്ധതി

*9 [309] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ മനുഷ്യ വിഭവശേഷി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് വിദ്യാഭ്യാസത്തിനും, പരിശീലനത്തിനും പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(സി) പരിശീലന-വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) മുൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാതെ പോയിട്ടുള്ളത് ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ കാര്യത്തിലാണെന്നും മിച്ചം എത്രയാണെന്നും വിശദമാക്കാമോ;

(ഇ) ഓരോ കേന്ദ്ര-സംസ്ഥാന പദ്ധതിയ്ക്കും ഈ വർഷം വകയിരുത്തിയ തുകയിൽ നിന്നും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പുതുതായി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്:

ആഗോളവൽക്കരണ-ഉദാരവൽക്കരണ പ്രക്രിയയുടെ ആക്കം കൂടുമ്പോൾ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly